2d

# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 762**

**30/06/2015-ൽ മറുപടിക്ക്**

## സർക്കാർ ആശുപത്രികളിലെ ലാബ് സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.കെ.എസ്.സലീഖ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് ഡെങ്കിപ്പനി വീണ്ടും കൂടിവരുന്നതും പന്നിപ്പനി, കരങ്ങുപനി (പ്രത്യേകിച്ച് ആദിവാസി മേഖലകളിൽ) പക്ഷിപ്പനി തുടങ്ങിയവയും കൂടിവരുന്നതും പരിശോധിച്ചിട്ടുണ്ടോ | എ) ഡെങ്കിപ്പനി, പന്നിപ്പനി എന്നിവ കൂടുതലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പക്ഷിപ്പനി മനുഷ്യരിൽ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കരങ്ങുപനി ഈ വർഷം വയനാട് ജില്ലയിലാണ് ബാധിച്ചത്. ഇപ്പോൾ നിയന്ത്രണവിധേയമാണ്. ഈ രോഗങ്ങൾ നിയന്ത്രിക്കാൻ വേണ്ട നടപടികൾ എടുത്തു വരുന്നു. |
| ബി) ഈ സർക്കാർ വന്നതിനു ശേഷം ഓരോ വർഷവും പ്രസ്തുത പനിയും മറ്റു വൈറസ് രോഗങ്ങളും ബാധിച്ച് എത്ര പേർ മരണപ്പെട്ടുവെന്നും അവരുടെ കുടുംബത്തിന് എന്തു സഹായം നൽകിയെന്നും വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | ബി) പനിയും മറ്റ് വൈറസ് രോഗങ്ങളും ബാധിച്ച് മരണപ്പെട്ടവരുടെ കണക്ക് അനുബന്ധം 1-ൽ കാണാവുന്നതാണ്.<br>വയനാട് ജില്ലയിൽ കരങ്ങുപനി, ബാധിതരുടെയും മരണപ്പെട്ടവരുടേയും കുടുംബത്തിന് ആശുപത്രി ചിലവിനും കൂട്ടിരിപ്പുകാർക്കുമായി പ്രതിദിനം 200 രൂപ വീതം നൽകുന്നതിനായി ട്രൈബൽ ഡിപ്പാർട്ട്മെന്റിൽ നിന്നും അനുവദിച്ച തുക നൽകിയിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടുംബത്തിന് തുക അനുവദിക്കുന്നത് ട്രൈബൽ ഡിപ്പാർട്ട്മെന്റിൽ നിന്നുമാണ്. ആശുപത്രി ചിലവ് നൽകുന്നതിന് വയനാട് ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നും കീഴ് സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയുടെ |

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പി.എച്ച്.സി. പൂതാടി | 225000 |
| പി.എച്ച്.സി. മുള്ളൻകൊല്ലി | 50000 |
| പി.എച്ച്.സി. പുൽപ്പള്ളി | 75000 |
| പി.എച്ച്.സി.ചെതലയം | 50000 |
| പി.എച്ച്.സി. നൂൽപ്പുഴ | 15000 |
| താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ബത്തേരി | 60000 |
| ജില്ലാ ആശുപത്രി | 20000 |
| **ആകെ തുക** | **495000** |

മേൽ തുക സ്ഥാപനങ്ങളിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി വിനിയോഗിച്ച് വരുന്നു.

സി) എത്ര സർക്കാർ ആശുപത്രികളിൽ ക്ലിനിക്കൽ ലാബുകൾ ഉണ്ടെന്നും അവയിൽ എത്ര ടെക്നീഷ്യൻമാരെ ആവശ്യമുണ്ട് എന്നും നിലവിൽ എത്ര പേർ ഉണ്ടെന്നും എത്ര ഒഴിവുകൾ ഉണ്ടെന്നും കരാർ ജീവനക്കാർ എത്ര പേർ ഉണ്ടെന്നും വ്യക്തമാക്കുമോ; ;

സി) വിശദ വിവരം അനുബന്ധം-II-ൽ കാണാവുന്നതാണ്.

ഡി) ക്ലിനിക്കൽ ലാബുകളില്ലാത്ത ആശുപത്രികൾ ഏതെല്ലാം; ഇവയിൽ രോഗനിർണ്ണയത്തിനായുള്ള ലാബുകൾ എപ്പോൾ തുടങ്ങുമെന്നും ലാബുകളിൽ ഒഴിവുകൾ എപ്പോൾ നികത്തും എന്നും വ്യക്തമാക്കുമോ?

ഡി) ക്ലിനിക്കൽ ലാബുകൾ ഇല്ലാത്ത ആശുപത്രികളുടെ വിവരങ്ങൾ ജില്ലകളിൽ നിന്നും ശേഖരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

# Deaths due to Confirmed Communicable diseases from 23.05.2011 to 04.06.2015

| Diseases | 23.05.11 to 31.12.11 | 2012 | 2013 | 2014 | 01.01.15 to 04.06.15 | Total |
|---|---|---|---|---|---|---|
| Fever | 10 | 11 | 23 | 29 | 12 | 85 |
| Dengue | 7 | 16 | 29 | 13 | 6 | 71 |
| Leptospirosis | 59 | 18 | 34 | 43 | 5 | 159 |
| Malaria | 1 | 3 | 0 | 6 | 1 | 11 |
| Hepatitis A | 9 | 8 | 8 | 6 | 2 | 33 |
| Japanese Encephalitis | 2 | 1 | 0 | 2 | 0 | 5 |
| H1N1 | 10 | 15 | 1 | 15 | 40 | 81 |
| Typhoid | 1 | 1 | 0 | 0 | 0 | 2 |
| Scrub Typhus | 0 | 0 | 0 | 6 | 7 | 13 |
| KFD | 0 | 0 | 0 | 0 | 10 | 10 |
| Birdflu | No Cases | | | | | |

അനുബന്ധം II

| Sl No | District | Hospitals with LAB | Technician | | |
|---|---|---|---|---|---|
| | | | In position | vacancy | contract |
| 1 | Thiruvananthapuram | 67 | 117 | 0 | |
| 2 | Kollam | 44 | 42 | 6 | 55 |
| 3 | Pathanamthitta | 7 | 39 | | 23 |
| 4 | Alappuzha | 32 | 46 | 1 | 7 |
| 5 | Kottayam | 27 | 47 | 5 | 1 |
| 6 | Idukki | 37 | 49 | 9 | 24 |
| 7 | Ernakulam | 36 | 58 | 5 | |
| 8 | Thrissur | 12 | 23 | 4 | 9 |
| 9 | Palakkad | 57 | 78 | 2 | 0 |
| 10 | Malappuram | 69 | 71 | 2 | |
| 11 | Kozhikkode | 27 | 41 | 6 | 40 |
| 12 | Wayanad | 22 | 20 | 6 | 37 |
| 13 | Kannur | 31 | 41 | 4 | 61 |
| 14 | Kasargode | 26 | 20 | 8 | 45 |
| TOTAL | | 494 | 692 | 58 | 302 |